# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.32 | 28.02.2017- ൽ മറുപടിയ്ക്ക് |

## ചരക്കസേവന നികുതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ഇ.പി.ജയരാജൻ<br>ശ്രീ.കാരാട്ട് റസാഖ്<br>പ്രൊഫ.കെ.യു. അരുണൻ<br>ശ്രീ.പി. ഉണ്ണി | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |
| (എ) | ചരക്കസേവന നികുതി രജിസ്ട്രേഷന്റെ പുരോഗതി അറിയിക്കാമോ; | (എ) | നിലവിൽ വാണിജ്യ നികുതി വകുപ്പിൽ രജിസ്ട്രേഷനുള്ള എല്ലാ വ്യാപാരികൾക്കും ജി.എസ്.ടി രജിസ്ട്രേഷൻ നൽകാൻ തീരുമാനിച്ചിട്ടുണ്ട്. അതിനു വേണ്ടിയുള്ള എൻറോൾമെന്റ് പ്രക്രിയ 2017 ജനുവരി 1 മുതൽ ആരംഭിച്ചിട്ടുണ്ട്. ഇതുവരെ Provisional Id ലഭിച്ചിട്ടുള്ള 2,55,036 വ്യാപാരികളിൽ, 21.02.2017 വരെ 1,52,474 പേർ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി കഴിഞ്ഞു. ബാക്കിയുള്ള വ്യാപാരികൾ സമയബന്ധിതമായി രജിസ്ട്രേഷൻ പൂർത്തിയാക്കുന്നതിനു വേണ്ട ഊർജ്ജിതശ്രമങ്ങൾ വകുപ്പ് തലത്തിൽ നടത്തി വരുന്നു. GSTN രജിസ്ട്രേഷൻ നടപടികൾ അഖിലേന്ത്യാടിസ്ഥാനത്തിൽ നവംബർ 8 നാണ് ആരംഭിച്ചതെങ്കിലും കേരളത്തിലെ വ്യാപാരികൾക്ക് അതിനുള്ള അവസരം ജനുവരി 1-ാം തീയതി മുതലാണ് നൽകിയത്. രജിസ്ട്രേഷനാവശ്യമായ രേഖകൾ ഡിജിറ്റൽ ഒപ്പ് സഹിതം സമർപ്പിച്ചാൽ മാത്രമേ ജി.എസ്.ടി. രജിസ്ട്രേഷൻ ലഭിക്കുകയുള്ളൂ. അങ്ങനെ ഡിജിറ്റൽ ഒപ്പ് സഹിതം രേഖകൾ സമർപ്പിച്ച വ്യാപാരികളുടെ എണ്ണത്തിൽ കേരളമാണ് ഒന്നാമത്. |
| (ബി) | ജി.എസ്.ടി. നടപ്പാക്കുന്നതിനായി വേണ്ട നെറ്റ് വർക്ക് സിസ്റ്റം തയ്യാറായിട്ടുണ്ടോയെന്ന് | (ബി) | ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലെയും ജി.എസ്.ടി. യിലെ വ്യാപാരികൾക്ക് രജിസ്ട്രേഷൻ എടുക്കുന്നതിനും റിട്ടേൺ |

| | | | |
|---|---|---|---|
| | വ്യക്തമാക്കുമോ; | | ഫയൽ ചെയ്യുന്നതിനും e-payment നടത്തുന്നതിനും വേണ്ട common portal GSTN എന്ന കമ്പനി തയ്യാറാക്കി വരുന്നു. എന്നാൽ സംസ്ഥാനതലത്തിൽ Assessment, Audit, Appeal, Enforcement മുതലായ കാര്യങ്ങൾ നടപ്പിലാക്കുന്നതിനായി backend module തയ്യാറാക്കേണ്ടതുണ്ട്. അതിനു വേണ്ട software applications തയ്യാറാക്കൽ നല്ല രീതിയിൽ പുരോഗമിക്കുന്നു. സെർവ്വർ വാങ്ങുന്നതിനുള്ള അനുമതി നൽകുകയും, ഇതിനുള്ള ടെണ്ടർ പ്രസിദ്ധീകരിക്കുന്നതിന് വകുപ്പ് തലത്തിൽ നടപടികൾ തുടങ്ങുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഒന്നരക്കോടി രൂപ വരെ വിറ്റുവരവുള്ള വ്യാപാരികളുടെ മേൽ കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ഇരട്ട നിയന്ത്രണം സംബന്ധിച്ചും പുറംകടൽ വ്യാപാരം സംബന്ധിച്ചും ജി.എസ്.ടി. കൗൺസിലിൽ തീരുമാനം ഉണ്ടായിട്ടുണ്ടോ; | (സി) | ഒന്നരക്കോടി രൂപ വരെ വിറ്റുവരവുള്ള വ്യാപാരികളുടെ ഫയലുകൾ 9:1 എന്ന അനുപാതത്തിൽ സംസ്ഥാന — കേന്ദ്ര സർക്കാരുകൾക്ക് അഡ്മിനിസ്റ്റർ ചെയ്യാനുള്ള അധികാരം നല്കുന്നതിന് GST Council തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. തീരക്കടലിൽ നടക്കുന്ന ക്രയവിക്രയങ്ങൾക്ക് അതാതു സംസ്ഥനത്തിന് നികുതി ചുമത്താനുള്ള അധികാരം സംസ്ഥാനങ്ങൾക്ക് നല്കവാൻ GST Council തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്ത് ആകെ എത്ര വ്യാപാരികൾ ഉണ്ടെന്നതിനും അതിൽ 20 ലക്ഷത്തിനു മുകളിൽ വിറ്റുവരവ് ഉള്ളവരും ഒന്നരക്കോടിക്കു മുകളിൽ വിറ്റുവരവുള്ളവരും എത്രയെന്നതിനും കണക്കുണ്ടോ; ഇതിൽ എത്ര ശതമാനം ജി.എസ്.ടി. രജിസ്ട്രേഷൻ നേടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) | സംസ്ഥാനത്ത് ആകെ 2,55,129 വ്യാപാരികൾ ഉള്ളതിൽ 1,15,072 വ്യാപാരികൾക്ക് 20 ലക്ഷത്തിന് മുകളിൽ വാർഷിക വിറ്റുവരവുണ്ട്. അതിൽ 31,214 വ്യാപാരികളുടെ വാർഷിക വിറ്റുവരവ് ഒന്നരക്കോടി രൂപയാണ്. ജി.എസ്.ടി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയവരുടെ എണ്ണം വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ലഭ്യമല്ല. |

**സെക്ഷൻ ഓഫീസർ**